കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തോടന്നൂർ ബ്ലോക്ക്പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2014-15,2015-16

കേരള സംസ്ഥാന ഓഡിറ്റ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.7/416/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി 17.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2014-15,2015-16 സാമ്പത്തികവർഷങ്ങളിൽ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡെവലപ്മെന്റ്. കമ്മീഷണർ(ജനറൽ),കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ കെ.കെ.ഡി. പി.7/416/17 തിയ്യതി: 17.03.2017

# കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.11.2014 മുതൽ 08.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.ഉണ്ണികൃഷ്ണൻ ,ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 18.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് കുമാർ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജു തോമസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവൻ.എൻ | ഓഡിറ്റർ(സീ.ഗ്രേ) |
| | ശ്രീ.സുഗുണൻ.വി | ഓഡിറ്റർ(സീ.ഗ്രേ) |

| | | |
|---|---|---|
| | ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.വി. റീന | 01-04-2014മുതൽ 31-10-2015 വരെ |
| | ശ്രീ.തിരുവല്ലൂർ മുരളി | 01-11-2015മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.രാജൻ കുട്ട ജോയിന്റ് ബി ഡി ഒ (സെക്രട്ടറി ഇൻ ചാർജ്) | 01.04.2014മുതൽ 10.04.2014വരെ |
| | ശ്രീ.രാജീവ്.ടി | 11.04.2014മുതൽ 30.11.2015വരെ |
| | ശ്രീ.ജയ്. പി.ബാൽ | 31.11.2015മുതൽ .08.02.2016വരെ |
| | ശ്രീ.പി.ശശീന്ദ്രൻ | 08.02.2016 മുതൽ .12.02.2016 വരെ |
| | ശ്രീ.എ.പി. രമേശൻ ജോയിന്റ് ബി ഡി ഒ (സെക്രട്ടറി ഇൻ ചാർജ്) | 13.02.2016 മുതൽ .31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ക്ഷീര വികസന ഓഫീസർ | ശ്രീ.അനിൽകുമാർ. എ.ജി | 01.04.2014മുതൽ .31.03.2016വരെ |
| സൂപ്പർവൈസർ ICDS (CDPO Incharge) | ശ്രീമതി.ശോഭ.ഒ.കെ | .01.04.2014 മുതൽ 16.06.2014വരെ<br>24.07.2014 മുതൽ 26.11.2014 വരെ |
| സി.ഡി.പി.ഒ(മേലടി അഡി. ചാർജ്) | ശ്രീമതി.ഗീത. | 17-06-14 മുതൽ 23-07-14 വരെ |
| സി.ഡി.പി.ഒ(ഇൻചാർജ്) | ശ്രീമതി.ശോഭന.എം | 27.11.2014 മുതൽ .09.06.2015വരെ |
| സി.ഡി.പി.ഒ(ഇൻചാർജ്) | ശ്രീമതി.മംഗളാംബിക.എം | 10.06.2015മുതൽ .31.03.2016 വരെ |
| എ.ഡി.എ(ഇൻചാർജ്) അഗ്രി.ഓഫീസർ തിരുവല്ലൂർ | ശ്രീ.വിനോദ് കുമാർ.എം | 01-04-14 മുതൽ 01-05-15 വരെ |

| | | |
|---|---|---|
| എ.ഡി.എ | ശ്രീമതി.ഷീല | 02.05.2014മുതൽ 31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീലത.കെ | 01.04.2014മുതൽ .01.06.2015വരെ |
| | ശ്രീ.ജോൺ നൈനാൻ | 02.06.2015 മുതൽ .31.03.2016വരെ |
| അസി.എക്സി.എൻജിനീയർ | ശ്രീ.എം.മാധവനുണ്ണി | 01.04.2014 മുതൽ 26.09.2015 വരെ |
| | ശ്രീ.മാധവൻ.എ.എം | 26.09.2015മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.പ്രഭാവതി.പി<br>ശ്രീ.നിതിൻ.കെ<br>ശ്രീ.ഷിബിൻ.കെ.<br>ശ്രീ.അനൂപ് ഷിനു.കെ | 01.04.2014 മുതൽ 13.07.2015വരെ<br>14.07.2015മുതൽ 16.08.2015വരെ<br>17.08.2015മുതൽ .10.01.2016വരെ<br>11.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.പി.കെ.ഉസ്മാൻ | 01.04.2014 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | ഭാഗം-1പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | | ഭാഗം 2 |

| | | |
|---|---|---|
| | | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 12 | 2-1 | എക്കൗണ്ട് പരിശോധനയിൽ കണ്ട അപാകതകൾ |
| | | ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 3-1 | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങാൻ തുക നൽകിയെങ്കിലും വിനിയോഗിച്ചില്ല. |
| 14 | 3-2 | ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 15 | 3-3 | ക്ഷീര സമൃദ്ധി പദ്ധതി നിർവ്വഹണത്തിൽ വീഴ്ച |
| 16 | 3-4 | തഴപ്പായ നിർമ്മാണം- പരിശീലനം മാത്രം നടത്തി,തുടർ നടപടികൾ സ്വീകരിച്ചില്ല |
| 17 | 3-5 | വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണ പദ്ധതി പൂർത്തിയാക്കിയില്ല |
| 18 | 3-6 | പ്രഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിൽ അപാകത |
| 19 | 3-7 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- തുക മുഴുവൻ വിനിയോഗിച്ചില്ല. |
| 20 | 3-8 | സ്ത്രീ സുരക്ഷാ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച |
| 21 | 3-9 | എഗ്രിമെൻറ് വെക്കുന്നതിൽ കാല താമസം-പിഴ ഈടാക്കിയില്ല |
| 22 | 3-10 | ടാർ ബാരൽ -വില ഈടാക്കിയതിൽ കുറവ് |
| 23 | 3-11 | പണി പൂർത്തിയാക്കാൻ കാല താമസം-പിഴ ഈടാക്കിയില്ല |
| 24 | 3-12 | ഒരേ പേരിൽ രണ്ട് പ്രവൃത്തികൾ |
| | | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 25 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 29 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | ചാർജ്ജ്-സർചാർജ്ജ്നടപടികൾസ്വീകരിച്ചതിന്റെവിവരം |
| 32 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 34 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 35 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 |
| 36 | അനുബന്ധം-2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26.3.2015 ലെ 235/14-15 നം. തീരുമാനപ്രകാരവും, 2015-16 വർഷത്തെ ബജറ്റ് 04-03-2016 ലെ 185/15-16 നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31.7.2015 | 07.7.2015 | -- | -- |
| 2015-16 | 31.7.2016 | 07.7.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

2014-15

മുന്നിരിപ്പ് - 26034912/-

വരവ് – 62404732/-

ആകെ - 88439644/-

ചെലവ് - 58221693/-

നീക്കിയിരിപ്പ്- 30217951/-

2015-16

മുന്നിരിപ്പ് - 30217951/-

വരവ് - 52975071/-

ആകെ - 83193022/-

ചെലവ് - 60991245/-

നീക്കിയിരിപ്പ്- 22201777/-

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3797484 | 17839000 | 21636484 | 19276123 | 2360361 | 89 |
| വികസനഫണ്ട് എസ്.സി.പി. | 888386 | 2988000 | 3876386 | 1507507 | 2368879 | 38.8 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9000 | 9000 | 9000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1046243 | 2656000 | 3702243 | 2066952 | 1655291 | 55.8 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 28566 | 4804977 | 4833543 | 4781393 | 52150 | 99 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |

2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2360361 | 11341463 | 15918203 | 15918203 | 0 | +2216379 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2368879 | 3527500 | 5896379 | 3680000 | 0 | -2216379 | 48.59 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9000 | 9000 | 9000 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20000 | 20000 | 20000 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1655291 | 11369 | 1666660 | 1666660 | 0 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2014-15 | 75 | 46 | 29 | 0 | 61 |
| 2015-16 | 68 | 48 | 16 | 4 | 71 |

## 1-7 തനത് വരുമാനം.

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | - | - | - |
| നികുതിയേതര വരവുകൾ | - | - | - |
| മറ്റുവരവുകൾ | 26750 | 45500 | 18750 |
| ആകെ | | | |

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | - | - | - |
| നികുതിയേതര വരവുകൾ | - | - | - |
| മറ്റുവരവുകൾ | 45500 | 23727 | 21773 |
| ആകെ | | | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2017 ന് 10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-02-2016മുതൽ 11-02-2016 വരെ | 16-06-2015 —08-02-2016 | No 12/DPA/16/KKD dt 24/02/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-07-2010 | 2009-10 | LBACH.B/V/8A-1616 /135/21/09/2010 |

| | | | |
|---|---|---|---|

## 1-11 ഓഡിറ്റ് സാക്ഷ്യപത്രം

2014-15വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1ആയും 2015-16 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 2ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എക്കൗണ്ട് പരിശോധനയിൽ കണ്ട അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്ത് 1-1-2013 മുതൽ സാംഖ്യാ സമ്പ്രദായത്തിലുള്ള എക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറിയെങ്കിലും വരവുകൾക്ക് സാംഖ്യാരസീതുകൾ നൽകുന്നില്ല.പകരം മാന്വൽ രസീതുപുസ്തകം ഉപയോഗിച്ച് വരവുകൾക്ക് രസീറ്റ് നൽകുകയും പിന്നീട് ഇന്ററപ്റ്റ് രസീതു വഴി വരവുകൾ എക്കൗണ്ട് ചെയ്തു വരികയുമാണ് ചെയ്തു വരുന്നത്.

2. I K M ൽനിന്ന് 18-12-12 ൽ 500 സാംഖ്യാരസീത് സ്റ്റേഷനറികൾ ലഭിച്ചതിൽ (1333001 മുതൽ 1333500വരെ)1333001 മുതൽ1333040 വരെയുള്ളവ ഒഴികെ ബാക്കി നാളിതുവരെയായും ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ് .ഈ കാര്യം സെക്ഷനിൽ അന്വേഷിച്ചപ്പോൾ പ്രിന്റർ തകരാറ് മൂലം ആണ് സാംഖ്യ രസീതികൾ നൽകാൻ സാധിക്കാത്തത് എന്നാണ് അറിയ്ച്ചത് .പ്രിന്റർ തകരാറ് ഉടൻ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റേഡിയത്തിന് സ്ഥലം വാങ്ങാൻ തുക നൽകിയെങ്കിലും വിനിയോഗരേഖയില്ല.

പ്രോജക്ട് നം. 35/15 മണിയൂർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ
ബിൽ നം. 7/14-15 5,00,000രൂപ. 20.11.14
നിർവഹണം. സെക്രട്ടറി

മണിയൂർ ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം വാങ്ങുന്നതിന് ബ്ലോക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഇതിനായി 5,00,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബി-2/13413/13 തി. 17.10.14 നമ്പർ കത്ത് പ്രകാരം നൽകി. ഉക ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയതിന്റെ രശീതി, വിനയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഖ- 11-13 (VIII) (ഒ) പ്രകാരം കൈപ്പറ്റിയ ഉക അതത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് അത് നൽകിയ തദ്ദേശ സ്ഥാപനത്തിൽ തിരിച്ചടക്കണം. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു ഉക തടസ്സത്തിൽ വെക്കുന്നു.

## 3-2 ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം. 53/15 വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം ഒരുക്കൽ
ബിൽ നം. 11/14-15 3,00,000രൂപ. 30.12.14
നിർവഹണം. സെക്രട്ടറി

വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ബഡ്സ് സ്കൂൾ കിണർ നിർമാണത്തിന് (പ്രോജക്ട് 107/14-15) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3,00,000 രൂപ നൽകി. എന്നാൽ ഉക കൈപ്പറ്റിയതിന്റെ രശീതി, വിനയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

സ.ഉ (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 ഖ- 11-13 (VIII) (ഒ) പ്രകാരം കൈപ്പറ്റിയ ഉക അതത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് അത് നൽകിയ തദ്ദേശ സ്ഥാപനത്തിൽ തിരിച്ചടക്കണം. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു ഉക തടസ്സത്തിൽ വെക്കുന്നു.

## 3-3 ക്ഷീര സമൃദ്ധി പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷങ്ങളിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര സമൃദ്ധി പദ്ധതി ഗുണഭോക്താക്കൾക്ക് കറവമാടുകളെ വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി വിശദാംശങ്ങൾ | 2014-15 | 2015-16 |
|---|---|---|
| പ്രോജക്ട് നം | 1/14-15 | 59/15-16 |

| | | |
|---|---|---|
| അടങ്കൽ | 1170000 | 1260000 |
| ഫണ്ട് | വികസനഫണ്ട് | വികസനഫണ്ട് |
| ചെലവ് | 1170000 | 1260000 |
| ബിൽ നം/തിയ്യതി/തുക | 1)1/15 /31.1.15 /270000<br>2)2/15 /25.2.15 /270000<br>3)3/15 /28.3.15 /630000 | 1)1/16 /22.3.16 /630000<br>2)2/16/ 29.3.16/630000 |

2014-15 വർഷത്തിൽ 6 പേർവീതം അടങ്ങുന്ന 13 ഗ്രൂപ്പുകൾക്കും,2015-16ൽ 6പേർ വീതം അടങ്ങുന്ന 14 ഗ്രൂപ്പുകൾക്കുമാണ് ആനുകൂല്യം നൽകിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ മറികടന്ന് പദ്ധതി നിർവ്വഹണം നടത്തി

കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് (1) ാം ഉപവകുപ്പ്, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

(എ) വെറ്ററിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക

(ബി)മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക

(സി) കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക

എന്നാൽ ഇത് പരിഗണിക്കാതെ കറവമാടുകളെ വിതരണം ചെയ്യുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി

2.പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് നടപ്പാക്കി

സ.ഉ.(എം.എസ്)362/2013/തസ്വഭവ.തി.16.11.2013 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ അനുബന്ധം16-7.1ൽ ഗ്രാമപഞ്ചായത്തുകളും,മുനിസിപ്പാലിറ്റികളും,കോർപ്പറേഷനുകളും മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഈനിർദ്ദേശം പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

3.ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമില്ല

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകൾ വഴിയാണ് എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ക്ഷീര സംഘങ്ങൾ മുഖേനയാണ്. ഇത് ശരിയായ നടപടിയല്ല.

4.ഗ്രൂപ്പുകൾക്ക് ബേങ്ക് ലോൺ ലഭ്യമാക്കിയില്ല

സ.ഉ.(എം.എസ്)362/2013/തസ്വഭവ.തി.16.11.2013 പ്രകാരമുള്ള 12ാം പദ്ധതി

മാർഗ്ഗരേഖ അനുബന്ധം 16-3.2ൽ ഗ്രൂപ്പ് സംരഭങ്ങൾ നിർബന്ധമായും വായ്പാ ബന്ധിതമായി നടപ്പാക്കണം, സബ്സിഡി തുക ബേങ്കിൽ അടയ്ക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട് എന്നാൽ ഗ്രൂപ്പുകൾക്ക് ബേങ്ക് ലോൺ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

5.പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കാതെ വാങ്ങൽ നടത്തി

പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന സമിതിയായിരിക്കണം കറവമാടുകളെ വാങ്ങേണ്ടത് ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്.

6.ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല

കുടുംബ വാർഷിക വരുമാനം50000/-രൂപയിൽ കവിയാത്തവർക്കും,നാമമാത്ര ചെറുകിട കർഷകർക്കും മാത്രമേ ഈ പദ്ധതിയിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത് ഉറപ്പുവരുത്തുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/17.2.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 തഴപ്പായ നിർമ്മാണം- പരിശീലനം മാത്രം നടത്തി,തുടർ നടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് നം - 55/16

അടങ്കൽ - 315000 (വികസന ഫണ്ട് s c p)

ചെലവ് - 35000/-

ബിൽനം/തി. 1/16 / 23.3.16 /35000/-

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണിത്. 7അംഗങ്ങൾ ഉൾപ്പെട്ട പട്ടികജാതി വനിതാ ഗ്രൂപ്പിന് തഴപ്പായ നിർമ്മാണത്തിൽ പരിശീലനംനൽകൽ, ബേങ്ക് ലോൺ,സബ്സിഡി എന്നിവ ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഗ്രൂപ്പിന് പരിശീലനം മാത്രമേ നൽകിയിട്ടുള്ളൂ. സർഗ്ഗാലയ ഇരിങ്ങൽ എന്ന സ്ഥാപനത്തിൽ വെച്ചാണ് പരിശീലനം നൽകിയിരിക്കുന്നത്.ബേങ്ക് ലോൺ,സബ്സിഡി എന്നിവ ലഭ്യമാക്കി സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സ.ഉ.(എം.എസ്)നം362/13 തി.16.11.13 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16 ഖ.7-10ൽ പരിശീലന പരിപാടികൾ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ നടത്താൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ പരിശീലനം മാത്രം നടത്തുകയും,തുടർ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/17.2.17) മറുപടി നൽകിയിട്ടില്ല.ചെലവ് തുക 35000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണ പദ്ധതി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം - 67/16

അടങ്കൽ – 417000/- (വികസനഫണ്ട്)

ചെലവ് – 417000

ബിൽനം/തി./തുക 4/16 / 22.2.16 / 417000/-

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയാണിത്. വികലാംഗരായ 6ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. കേരള വികലാംഗ ക്ഷേമ കോർപറേഷനിൽ സ്കൂട്ടർ ലഭ്യമാക്കുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഇതിലേക്ക് 417000/-രൂപ അടച്ചിട്ടുണ്ട് (ഡി.ഡി.നം285382/22.2.16)എന്നാൽ കോർപറേഷൻ ഇതുവരെ സ്കൂട്ടർ നൽകിയിട്ടില്ല. സ്കൂട്ടർ നല്കാതെ തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.2.17) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ്തുക 417000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 പ്രഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്ട്നം -36/16

അടങ്കൽ - 326400/- (വികസന ഫണ്ട്)

ചെലവ് -272000/

ബിൽനം/ തി./തുക 1) 1/16 /19.3.16 /81600/-

2) 2/16 / 31.3.16 / 136000/-

3) 3/16 /31.3.16 / 54400/

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണിത്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്നൽകാനാണ് പദ്ധതി നടപ്പിലാക്കിയത്. കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് കെൽട്രോണിൽ നിന്നാണ്. എയ്സർ (acer)കമ്പനിയുടെ കമ്പ്യൂട്ടറുകളാണ് കെൽട്രോൺ സപ്ലൈ ചെയ്തിരിക്കുന്നത് ജി.ഒ (പി.1/2006/എസ്.പി.ഡി./തി.2.2.2006 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ / അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡുകളാണെങ്കിൽ ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കിയത്. വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/17.2.17)മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- തുക മുഴുവൻ വിനിയോഗിച്ചില്ല.

2014-15 വർഷത്തിൽ പ്രോജക്ട് നമ്പർ 34/15 ൽ ഉൾപ്പെടുത്തി,ബ്ലോക്കിന് കീഴിലുള്ള നാല് പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 800000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മണിയൂർ ഗ്രാമ പഞ്ചായത്തിന് 170000/-രൂപ നൽകിയിട്ടുണ്ട്. (ഡി.ഡി.നം 586114/5.2.15 പ്രകാരം 100000/-രൂപയും, ഡി.ഡി.നം 587023/25.2.15 പ്രകാരം70000/-രൂപയും) എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 150850/- രൂപ മാത്രമേ വിനിയോഗിച്ചതായി കാണുന്നുള്ളൂ. 19150/-രൂപ വിനിയോഗിച്ചിട്ടില്ല. വിനിയോഗിക്കാൻ ബാക്കിയുള്ള തുക തിരിച്ചടയ്ക്കേണ്ടതാണ്. തുക തടസ്സത്തിൽ വെയ്ക്കുന്നു

## 3-8 സ്ത്രീ സുരക്ഷാ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം,നിയമബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത് പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിവിശദാംശങ്ങൾ | 2014-15 | 2015-16 |
|---|---|---|
| പ്രോജക്ട് നം | 27/15 | 41/16 |
| അടങ്കൽ | 100000 | 31834 |
| ഫണ്ട് | വികസന ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 36425/- | 31834/- |
| ബിൽനം/തി./തുക | 4/15 /31.3.15 /36425/- | 1)2/16 /28.1.16/16000/-<br>2)3/16/22.2.16/15834/- |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെപറയുന്നു

1) മേഖലാ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി

കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസുകൾ നടത്തുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല ഇത് പരിഗണിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നടപ്പാക്കിയത്.

2) <u>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭ വഴിയല്ല</u>

ആസൂത്രണ പ്രക്രിയയിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭയ്ക്കാണ്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നത് അങ്കണവാടികളിലെ അഡോളസെന്റ് ക്ലബ്ബിലെ അംഗങ്ങളെയാണ്. ഇത് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17.2.17)മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുകകൾ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 <u>എഗ്രിമെൻറ് വെക്കുന്നതിൽ കാല താമസം-പിഴ ഈടാക്കിയില്ല</u>

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥ 2009-6 പ്രകാരം മരാമത്ത് പ്രവർത്തികൾക്കുള്ള ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം എഗ്രിമെൻറ് വയ്ക്കണമെന്നും സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തവരിൽ നിന്നും കരാർ തുകയുടെ 1% പിഴയായി ഇടാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും 15-16 കാലയളവിൽ എഗ്രിമെൻറ് വെക്കുന്നതിൽ കാല താമസം വരുത്തിയ താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും പിഴയൊന്നും ഈടാക്കാതെ കരാർ ചമയ്ക്കുന്നതിന് അനുമതി നൽകിയതായി കാണുന്നു.

| കരാറുകാരന്റെ പേര് | പ്രൊജക്റ്റ് നം,പേര് | ടെണ്ടർ തിയതി | സെലക്ഷൻ നോട്ടീസ് തിയതി | എഗ്രിമെൻറ് തിയതി-നംപർ | എഗ്രിമെൻറ് തുക | ബിൽ നം | തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|
| സ്വാല്കോസ് സൊസൈറ്റി | 10/16 വിദ്യാ പ്രകാശ് -പാലോറ റോഡ് | 29-09-15 | 30-09-2015 | 8-1-16 AEE/LSGD /TDB/9/15-16 | 497787 | 14/15-16 31-3-16 | 497787 | 4978 |
| തുഫൈൽ.എം.പി | 32/16പയംകുറ്റി മല-ലോകനാർകാവ് | 29-09-15 | 30-09-2015 | 25-11-15 AEE/LSGD/TDB 7/15-16 | 498706 | 15/15-16 31-3-16 | 498706 | 4986 |
| എൽകോസ് സൊസൈറ്റി | 4/16 മലമ്മേൽ താഴെ-പുളിയംവീട്ടിൽ റോഡ് | 29-09-15 | 30-09-2015 | 20-11-15 AEE/LSGD/TDB 5/15-16 | 498888 | 16/15-16 31-3-16 | 498888 | 4989 |
| ലതീഷ്.കെ | 8/16 മേക്കോത്ത് മുക്ക്-അമ്മേരിക്കാട് റോഡ് | 29-09-15 | 30-09-2015 | 28-11-15 AEE/LSGD/TDB 8/15-16 | 396948 | 16/15-16 31-3-16 | 400000 | 3969 |
| അനന്തൻ.പി | 15/16 ചാരുമ്മൽ മുക്ക് വട്ടപ്പാറ റോഡ് | 29-09-15 | 30-09-15 | 14-11-15 AEE/LSGD/TDB 2/15-16 | 499292 | 12/15-16 30-3-16 | 499058 | 4993 |
| ആകെ | | | | | | | | 23915 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കാൻ വിട്ടുപോയ 23915 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-10 ടാർ ബാരൽ -വില ഈടാക്കിയതിൽ കുറവ്

2013-14 ,2014-15 വർഷങ്ങളിൽ വ്യത്യസ്ത റോഡ് പ്രവൃത്തികൾ എറ്റെടുത്ത കരാറുകാർക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടാർ വാങ്ങി നൽകിയിരുന്നു. പ്രവൃത്തി പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയപ്പോൾ കരാറുകാരനിൽ നിന്നും ബാരലിന് 238 രൂപയും 12.5 % വാറ്റ് നികുതിയും ഈടാക്കേണ്ടതിന് പകരം 120 രൂപയും 12.5% വാറ്റും എന്ന നിരക്കിലാണ് ഈടാക്കിയിരിക്കുന്നത് ഇതു മൂലം ബ്ലോക്ക് പഞ്ചായത്തിന്ന് 31388 രൂപയും വാറ്റ് ഇനത്തിൽ 3985 രൂപ സംസ്ഥാന സർക്കാറിനും നഷ്ടമുണ്ടായിട്ടുണ്ട്

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ.നം | പ്രൊജക്ട് നം,പേര് | കരാറികാരന്റെ പേര് | അവസാന ബിൽ നം. | തുക | കൈമാറിയ ബാരല്യകളുടെ എണ്ണം/ വർഷം | ഈടാക്കിയ തുക + വാറ്റ് | ഈടാക്കേണ്ടിയിരുന്ന തുക+വാറ്റ് | കുറവ് വന്ന തുക+ വാറ്റ് |
|---|---|---|---|---|---|---|---|---|
| 1 | 61/15 തിരുവോത്ത് മുക്ക് -വില്യാപ്പള്ളി റോഡ് | ആനന്ദൻ.പി | 20/14-15/ 4-3-15 | 316125 | 42 2013-14 | 5040+ 630 | 9996+ 1250 | 4956+ 620 |
| 2 | 64/15 ആയത്തടം താഴ -തച്ചോളിപ്പീടിക റോഡ് | സ്വാൽക്കോസ് സൊസൈറ്റി | 14/14-15/ 12-2-15 | 349909 | 17 2013-14 | 2040+ 255 | 4046+ 506 | 2006+ 251 |
| 3 | 62/15 കീഴൽ മുക്ക്- മീൻകണ്ടി റോഡ് | സ്വാൽക്കോസ് സൊസൈറ്റി | 12/14-15/ 31-1-15 | 46281 | 6 2013-14 | 720+ 90 | 1428+ 179 | 708+ 89 |
| 4 | 10/15 മേക്കോത്ത് മുക്ക് അമ്ളേരിക്കാട് റോഡ് | കെ.ബാബു | 16/14-15/ 19-2-15 | 357652 | 14 2014-15 | 1680+ 210 | 3332+ 417 | 1652+ 207 |
| 5 | 11/15 കോയക്കണ്ടിമുക്ക് കോമത്ത്മുക്ക് റോഡ് | കെ.ബാബു | 27/14-15/ 13-3-15 | 354147 | 14 2014-15 | 1680+ 210 | 3332+ 417 | 1652+ 207 |
| 6 | 13/15 രണ്ടാം മൈൽ പാറ ഭാഗം റീ ടാറിങ് | മൊയ്തീൻ. TTV | 28/14-15/ 13--3-15 | 257521 | 19 2014-15 | 2280+ 285 | 4522+ 565 | 2242+ 280 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 5/15<br>പയൻകാരം വള്ളിച്ചാൽ റോഡ് | ചന്ദ്രൻ.എൻ.വി | 29/14-15/ 13-3-15 | 280170 | 24<br>2014-15 | 2280+<br>360 | 5712+<br>714 | 2832+<br>354 |
| 8 | 9/15<br>കുന്നോത്തമ്പലം- ഇരുമ്പനാണ്ടി മുക്ക് റോഡ് | ലതീഷ്.കെ | 30/14-15/ 13-3-15 | 290050 | 24<br>2014-15 | 2280+<br>360 | 5712+<br>714 | 2832+<br>354 |
| 9 | 7/15<br>പാലോറ മുക്ക് പുളിയുള്ളതിൽ മീത്തൽ റോഡ് | ചന്ദ്രൻ.എൻ.വിങ് | 31/14-15/ 13-3-15 | 357776 | 15<br>2014-15 | 1800+<br>225 | 3570+<br>446 | 1770+<br>221 |
| 10 | 12/15<br>തിരുവോത്ത്മുക്ക് വില്യാപ്പള്ളി യു.പി. സ്കൂൾ റോഡ് | പവിത്രൻ.പി | 32/14-15/ 31-3-15 | 361697 | 9<br>2014-15 | 1080+<br>135 | 2142+<br>268 | 1062+<br>133 |
| 11 | 6/15<br>കീഴൽ മുക്ക്- മീൻകണ്ടി റോഡ് | ഉഫൈൽ.എം.പി | 33/14-15/ 31-3-15 | 283031 | 24<br>2014-15 | 2880+<br>360 | 5712+<br>714 | 2832+<br>354 |
| 12 | 40/15<br>നെല്ലിമുക്ക് കടമേരി റോഡ് | നൗഷാദ്.പി,പി | 36/14-15/ 4-3-15 | 359381 | 12<br>2014-15 | 1440+<br>180 | 2856+<br>357 | 1416+<br>177 |
| 13 | 29/15<br>ഫിനിക്സ് മുക്ക് മീനത്ത്കര SC കോളനി റോഡ് | ലതീഷ്.കെ | 39/14-15/ 31-3-15 | 408431 | 11<br>2014-15 | 1320+<br>165 | 2618+<br>327 | 1298+<br>162 |
| 2015-16 (വാറ്റ്-14.5%) | | | | | | | | |
| 14 | 19/16<br>വലിയമല നാലു സെൻറ് കോളനി- കാരായിമുക്ക് റോഡ് | പവിത്രൻ.പി | 10/15-16/ 30-3-16 | 81456 | 9<br>2014-15 | 1080+<br>157 | 2142+<br>311 | 1062+<br>154 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | 17/16<br>കൂട്ടാങ്ങര വലിയപറമ്പ് റോഡ് | മൊയ്തീൻ. TTV | 3/15-16/ 26-10-15 | 216423 | 10<br>14യെ-15 | 1200+<br>150 | 2380+<br>298 | 1180+<br>148 |
| 16 | 15/16<br>ചാത്തമ്മൽ മുക്ക്-വട്ടപ്പാറ റോഡ് | ഊരാളുങ്കൽ ലേബർ സൊസൈറ്റി | 7/15-16/ 30-3-16 | 505405 | 16<br>14-15 | 1920+<br>240 | 3808+<br>476 | 1888+<br>236 |
| ആകെ | | | | | 266 | 31920+<br>4012 | 63308+<br>7959 | 31388+<br>3947 |

ഈ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാരൽ വിലയിനത്തിൽ 2014-15 വർഷത്തിൽ 27258 രൂപയും 2015-16 വർഷത്തിൽ 4130 രൂപയും വാറ്റ് ഇനത്തിൽ 2014-15 വർഷത്തിൽ 3409 രൂപയും 2015-16 വർഷത്തിൽ 538 രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-11 പണി പൂർത്തിയാക്കാൻ കാല താമസം-പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ വകുപ്പ് 2112-1 ൽ മരാമത്ത് പ്രവൃത്തികൾ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണെന്നും കരാറുകാരൻറെ പിഴവു മൂലം ദീർഘിപ്പിക്കുകയാണെങ്കിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്നും രേഖാമൂലം ആവശ്യപ്പെട്ടാൽ നിശ്ചിത കാലാവധിയുടെ 20% ശതമാനം സമയം പിഴയില്ലാതെയും അതിൽ കൂടുതൽ വരുന്ന ആദ്യത്തെ 3 മാസത്തിന്ന് കരാർ തുകയുടെ (PAC) 1 %വും തുടർന്നുള്ള ഓരോ 3മാസത്തിനും 2 % വീതവും പിഴയീടാക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ മരാമത്ത് പ്രവർത്തിയുടെ കരാറിൽ 7 ആയി ഉൾപ്പെടുത്തുന്നുണ്ട്. താഴെ ചേർക്കുന്ന ഏക വർഷ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന്ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻകൂറായി ടാർ കൈപ്പറ്റിയിട്ടും പ്രസ്തുത വർഷം പൂർത്തിയാക്കാതെ ഒരു വർഷത്തോളം കാല താമസം വരുത്തി പ്രവൃത്തി പൂർത്തീകരിച്ച കരാറുകാരിൽ നിന്നും കരാർ പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് അവസാന ബിൽ തുക അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്ന

| പ്രൊജക്ട് നം/ പേര് | അടങ്കൽ തുക/<br>ടെണ്ടർ തിയതി | കരാറുകാരൻറെ പേര്/<br>എഗ്രിമെൻറ് തുക | എഗ്രിമെൻറ് നം / തിയ്യതി<br>പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | എം ബുക്ക് നം/<br>പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ തിയതി | അവസാന ബിൽ നം. തിയതി/<br>ബിൽ തുക | ഈടാക്കേണ്ടിയിരുന്ന പിഴ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 2014-15 | | | | | | | |
| 11/14<br>61/15<br>തിരുവോത്ത് മുക്ക് വില്യാപ്പള്ളി റോഡ് ടാറിങ് | 1570000/-<br>3-8-13 | അനന്ദൻ.പി<br>1544191/- | AEE/LSGD /TDB/11 /13-14<br>Dt 06-11-13<br>31-03-14 | 14/13-14<br>21/13-14<br>14/14-15<br>18-02-15 | 20/14-15<br>4-3-15<br>316525 | 04/14 to 06/14<br>15441<br>7/14 to 09/14<br>30882<br>10/14to 12/14<br>30882<br>01/15to18-02/15<br>16814<br>ആകെ 94019/ | 11.03.14 ൽ 42 ബാരൽ ടാർ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട് പണി പൂർത്തിയാക്കാത്തതിന് 1.8.14,15.12.14,16.02.15 തിയതികളിൽ നിർവഹണോദ്യോഗസ്ഥൻ നോട്ടീസ് നൽകിയിട്ടുണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2015-16 | | | | | | | |
| 37/15<br>19/16വലിയമല നാലു സെൻറ് കാരായിമുക്ക് റോഡ്-160 മീറ്റർ റീ ടാറിങ് | 400000/<br>30-12-14 | എളയടം ലേബർ കോണ്ട്രാക്റ്റ് ആൻറ് കൺസ്ട്രക്ഷൻ സൊസൈറ്റി<br>376394 | AEE/LSGD /TDB/12 /14-15<br>Dt 15-01-15<br>31-03-15 | 28/14-15<br>22-2-16 | 10/15-16<br>30-3-16<br>81456 | 4/15 to 6/15<br>3764<br>7/15 to 9/15<br>7528<br>10/15 to 12/15<br>7528<br>1/16 to 22/2/16<br>4433<br>ആകെ<br>23253 | 18/3/15 ൽ 9 ബാരൽ ടാർ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. |

മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് പ്രവൃത്തികളും പൂർത്തിയാക്കാത്തതിന്ന് കരാറുകാർ കൂടുതൽ സമയം ആവശ്യപ്പെടുകയോ സമയം നീട്ടിനൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നടപ്പിലാക്കുന്നതിന്ന് വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻകൂർ ടാർ ഉൾപ്പെടെ കൈപ്പറ്റിയ കരാറുകാരനിൽ നിന്നും കാല താമസത്തിനുള്ള പിഴ ഈടാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല പ്രവൃത്തി പൂർത്തീകരണത്തിന് പിഴ ഈടാക്കാത്തത് മൂലം 2014-15 ൽ 94019 രൂപയും,2015-16 ൽ 23253 രൂപയും നഷ്ടം വന്നിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-12 ഒരേ പേരിൽ രണ്ട് പ്രവൃത്തികൾ

ചാരുമ്മൽ മുക്ക് വട്ടപ്പാറ റോഡ് എന്ന പേരിൽ രണ്ട് റോഡ് പ്രവൃത്തികൾക്ക് 2015-16 ൽ തുക ചെലവഴിച്ചിട്ടുണ്ട് ,ഇതിൽ ഒന്ന് 2014-15 ൽ പ്രൊജക്ട് നം 31/15 ആയി ആരംഭിച്ചതും 15-16-ൽ 18/16 സ്പിൽ ഓവർ പ്രൊജക്ട് ആയി നടപ്പിലാക്കിയതുമാണ്. 8ലക്ഷം അടങ്കലുള്ള ഈ പ്രവൃത്തി മണിയൂർ ഗ്രാമ പഞ്ചായത്തിൽ 0/177 മുതൽ 0/472 വരെയുള്ള 295 മീ. റോഡ് ടാറിങ് എന്നും 0/177 വരെയുള്ള റോഡ് ടാറിങ് നിലവിലുണ്ട് എന്നും പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 5 ലക്ഷം അടങ്കലിൽ പ്രൊജക്ട് നം 15/16 ആയി 2015-16 ൽ നടപ്പിലാക്കിയ പുതിയ പദ്ധതിയിൽ മണിയൂർ ഗ്രാമ പഞ്ചായത്തിൽ 150 മീ. പുതിയ ടാറിങ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചാരുമ്മൽ മുക്ക് വട്ടപ്പാറ റോഡിന്ന് ആകെ എത്ര നീളമുണ്ടെന്നോ ഇതിൽ എവിടെ നിന്ന് എവിടെ വരെയാണ് പുതിയതായി ടാർ ചെയ്യുന്നത്, നിലവിലെ റോഡിന്റെ അവസ്ഥ തുടങ്ങിയ കാര്യങ്ങളൊന്നും തന്നെ പ്രൊജക്ട് ഫയലിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല. അതു പോലെ തന്നെ സൈറ്റ് പ്ലാനും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല, രണ്ട് ടാറിങ്ങും വ്യത്യസ്ത സ്ഥലങ്ങളിലാണ് എന്ന് തെളിയ്ക്കാനുതകുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രണ്ട് പ്രവൃത്തികളുടെയും ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | പ്രൊജക്ട് നം /അടങ്കൽ തുക | ടെണ്ടർ തിയതി | കരാറുകാരൻ/<br>എഗ്രിമെൻറ് നം | എം ബുക്ക് നം. | ബിൽ നം.<br>തിയതി | ബിൽ തുക |
|---|---|---|---|---|---|---|
| 1 | 31/15<br>18/16<br>800000/- | 28-01-15 | ഊരാളുങ്കൽ ലേബർ സൊസൈറ്റി<br>AEE/LSGD | 8/15-16<br>9/15-16 | 07/15-16<br>30-03-16 | 505405 |

| | | | | | | |
|---|---|---|---|---|---|---|
| | | | /TDB/17/14-15<br>23-02-15 | | | |
| 2 | 15/16<br>500000 | 29-09-15 | അനന്ദൻ.പി<br>AEE/LSGD<br>/TDB/2/15-16<br>14-11-15 | 17/15-16 | 12/15-16<br>30-03-16 | 499058 |

രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രൊ.നം 15/16 ന വേണ്ടി ബിൽ നം 12/15-16/30-3-16 പ്രകാരം ചെലവഴിച്ച 499058/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2014-15 | 50000 | പാലിയേറ്റീവ് സംഗമവും തൊഴിൽ പരിശീലനവും | 50000 | 0 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 6773975 | ഐ.എ.വൈ ഭവന നിർമാണം(ജനറൽ) | 3830875 | 2943100 |
| ജില്ല പഞ്ചായത്ത് | | 6393875 | | 6393875 | 0 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 2304041 | ഐ.എ.വൈ ഭവന നിർമാണം(എസ്.സി.പി) | 293750 | 2010291 |
| ജില്ല പഞ്ചായത്ത് | | 2722357 | | 613000 | 2109357 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 1000000 | വെള്ളറാട്മല ജലസേചന പദ്ധതി | 1000000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 100000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ<br>നവോദയ വിദ്യാലയം വടകര | നവോദയ വിദ്യാലയത്തിന് ടോയ് ലറ്റ് ബ്ലോക്ക് | Cheque no 14623 Dt 25/06/2015 | 100000 | 100000 | 0 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2014-15

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സംസ്ഥാനസർക്കാർ അനുവദിക്കാനുള്ള അധിക ധനസഹായം നൽകാൻ | സ.ഉ.(എം.എസ്)നം 90/13/തസ്വഭവ തീയ്യതി 19.03.2013 | 0 | 3515220 | -0 | -0 | 3515220 |

2015-16

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സംസ്ഥാനസർക്കാർ അനുവദിക്കാനുള്ള അധിക ധനസഹായം നൽകാൻ | സ.ഉ.(എം.എസ്)നം 90/13/തസ്വഭവ തീയ്യതി 19.03.2013 | 0 | 3515220 | 1027277 | -0 | 2487943 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ്-സർചാർജ്ജ്നടപടികൾസ്വീകരിച്ചതിന്റെവിവരം

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്ജ് / സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റേയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ,തീയതി | തുക | അടവിന്റെ വിശദാംശം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2009-10 | 3-6(2) | ശ്രീ.പി.എസ്. ബാബുരാജ് | N0-LF.1959/Spl.Cell/ CSC/D/2013 /25-6-2013 | 7797 | ലഭ്യമാക്കിയിട്ടില്ല. | നിലവിലെ സ്ഥിതിവിവരം അറിയിക്കേണ്ടതാണ്. |

## 4-8 സമാഹൃതറിപ്പോർട്ടിൽഉൾപ്പെട്ടഓഡിറ്റ്ഖണ്ഡികകളുടെവിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2005-06 | പൊതുപരാമർശം | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല.മരാമത്ത് പ്രവർത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2002-03 | 12,13 | 2005-06 | പൊതുപരാമർശം | ഭവന നിർമ്മാണം ധനസഹായം കൈപറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കുന്നില്ല | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |

## 4-9 ഓഡിറ്റ്പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2014-15 | 88439644 |
| | 2015-16 | 83193022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2014- | 58221693 |
| | 2015-16 | 60991245 |
| വരവിനങ്ങളിലുള്ള നഷ്ടം | 2014-15 | ഇല്ല |
| | 2015-16 | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2014-15 | 121277 |
| | 2015-16 | 51298 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2014-15 | 2025575 |
| | 2015-16 | 2514892 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായവ്യക്തമായനഷ്ടത്തിന്റെവിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |

| | | |
|---|---|---|
| 3-10 | 27258 (2014-15) | എം.മാധവനുണ്ണി<br>അസി.എക്സി.എൻജിനീയർ |
| 3-11 | 94019/- (2014-15) | എം.മാധവനുണ്ണി<br>അസി.എക്സി.എൻജിനീയർ |
| 3-9 | 23915 (2015-16) | മാധവൻ.എ.എം<br>അസി.എക്സി.എൻജിനീയർ |
| 3-10 | 4130 (2015-16) | മാധവൻ.എ.എം<br>അസി.എക്സി.എൻജിനീയർ |
| 3-11 | 23253 (2015-16) | മാധവൻ.എ.എം<br>അസി.എക്സി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 500000 (2014-15) | ശ്രീ.രാജീവ്.ടി<br>സെക്രട്ടറി |
| 3-2 | 300000 (2014-15) | ശ്രീ.രാജീവ്.ടി<br>സെക്രട്ടറി |
| 3-3 | 1170000 (2014-15) 1260000 (2015-16) | എ.ജി. അനിൽകുമാർ.<br>ക്ഷീരവികസന ഓഫീസർ |
| 3-4 | 35000 (2015-16) | അനൂപ് ഷിനു.കെ<br>വ്യവസായ വികസന ഓഫീസർ |
| 3-5 | 417000 (2015-16) | മംഗളാംബിക.എം<br>സി.ഡി.പി.ഒ(ഇൻചാർജ്) |
| 3-6 | 272000 (2015-16) | ജോൺ നൈനാൻ<br>പട്ടികജാതി വികസന ഓഫീസർ |
| 3-7 | 19150 (2014-15) | ശോഭന.എം<br>സി.ഡി.പി.ഒ(ഇൻചാർജ്) |
| 3-8 | 36425 (2014-15) | ശോഭന.എം<br>സി.ഡി.പി.ഒ(ഇൻചാർജ്) |
| 3-8 | 31834 | മംഗളാംബിക.എംസി.ഡി.പി.ഒ(ഇൻചാർജ്) |

| | | |
|---|---|---|
| | (2015-16) | |
| 3-14 | 499058 (2015-16) | മാധവൻ.എ.എം<br>അസി.എക്സി.എൻജിനീയർ |

(സി).കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിന്റെവിവരം

ഖണ്ഡിക 3-10, 2014-15 – 3409 (വാറ്റ്)

ഖണ്ഡിക 3-10, 2015-16 – 538 (വാറ്റ്)

(ഡി).നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണംആവശ്യമായവ

-ഇല്ല-

(ഇ).റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെസ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.മാധവനുണ്ണി<br>അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ, കണ്ണൂർ കോർപറേഷൻ | രാമപുരി,പുതിയടത്ത്. എടക്കാട് പി.ഒ<br>വെസ്റ്റ്ഹിൽ, കോഴിക്കോട് |
| മാധവൻ.എ.എം<br>അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ<br>തോടന്നൂർ | സൗപർണിക,നടുവണ്ണൂർ (പി.ഒ),കോഴിക്കോട് |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്നറിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | LFKKD P7-36/12(1) dtd.14-2-12 | 5 | |
| 1998-99 | LFKKD P7-36/12(2) dtd.14-2-12 | 3 | |
| 1999-00 | LFKKD P7-36/12(11) dtd.28-3--12 | 7 | |
| 2000-01 | LFKKD P7-36/12(3) dtd.14-2-12 | 11 | |
| 2001-02 | LFKKD P7-36/12(4) dtd.14-2-12 | 3 | |

| | | | |
|---|---|---|---|
| 2002-03 | LFKKD P7-36/12(5) dtd.14-2-12 | 7 | |
| 2003-04 | LFKKD P7-36/12(6) dtd.14-2-12 | 1 | |
| 2004-05 | LFKKD P7-36/12(7) dtd.14-2-12 | 2 | |
| 2005-06 | LFKKD P7-36/12(8) dtd.14-2-12 | 2 | |
| 2006-07 | LFKKD P7-36/12(9) dtd.14-2-12 | 5 | |
| 2007-08 | LFKKD P7-36/12(10) dtd.14-2-12 | 9 | |
| 2008-09 | LFKKD P7-741/12 dtd.6-7-12 | 15 | |
| 2009-10 | LFKKD P13/282/13 dtd.7-3-13 | 15 | |
| 2010-11<br>2011-12 | LFKKD P13/684/13 dtd.9-5-14 | 7 | |
| 2012-13<br>2013-14 | LFKKD P17/1240/15 dtd.07-09-15 | 9 | |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

# അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15

No. KSA.KKD/P 7/ 416/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 17.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thodannur Block Panchayat for the year ended on 31-3-2015 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thodannur Block Panchayat for the year 2014-15 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.

കെ.എസ്.എ.കെ.കെ.ഡി/പി 7/ 416/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-25.10.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

## അനുബന്ധം - 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16

No. KSA.KKD/P 7/ 416/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in
Dated 17.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thodannur Block Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thodannur Block Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.

കെ.എസ്.എ.കെ.കെ.ഡി/പി 7/ 416/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-25.10.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.